# 'ദൈവീക മനുഷ്യനു ചുറ്റുമുള്ള വേലികൾ'

ഇയ്യോബ് 1:10

''നീ അവനും അവന്റെ വീടിനും അവനുള്ള സകലത്തിനും ചുറ്റും വേലികെട്ടീട്ടില്ലയോ?''

മുകളിൽ പറഞ്ഞിരിക്കുന്ന വാക്കുകൾ സാത്താൻ യഹോവയോട് ഇയ്യോബിനെക്കുറിച്ച് പറയുന്നവയാണ്. ഈ വാക്കുകളിൽനിന്ന് നമുക്ക് മൂന്ന് വലിയ സത്യങ്ങൾ മനസ്സിലാക്കാം. ഒരു ദൈവിക മനുഷ്യനു ചുറ്റും ദൈവം മൂന്ന് വേലിക്കെട്ടുകൾ വച്ചിരിക്കുന്നു. ഒന്ന്, അവന്റെ വ്യക്തിജീവിതത്തിനു ചുറ്റും, രണ്ട്, അവന്റെ കുടുംബത്തിനു ചുറ്റും. മൂന്ന് അവന്റെ സമ്പത്തിനും വസ്തുവകകൾക്കു ചുറ്റും. ഈ വേലിക്കെട്ടുകൾ അദൃശ്യമാകയാൽ നമുക്ക് നഗ്നകണ്ണുകളാൽ അവയെ ദർശിക്കുക സാധ്യമല്ല. എന്നാൽ ആത്മരൂപത്തിൽ വസിക്കുന്ന സാത്താൻ അവയെ കാണുന്നു.

പ്രിയപ്പെട്ടവരേ, ഈ ഒരു സത്യം ഒരു ദൈവികമനുഷ്യനു വളരെ ധൈര്യവും ഉറപ്പും സമാധാനവും നല്കുന്നതാണ്. ഞാൻ ഒരു ദൈവിക മനുഷ്യനായി ജീവിച്ചാൽ ദൈവം എനിക്കായ് മേൽപറഞ്ഞ തരത്തിൽ വേലിക്കെട്ടുകൾ സൃഷ്ടിച്ച് എന്നെയും എനിക്കുള്ളതിനെയും സംരക്ഷിക്കും. അവയിൽ ഒരു വേലിക്കെട്ടിനെപ്പോലും ദൈവിക അനുവാദമില്ലാതെ തുറക്കാൻ സാധിക്കയില്ല. ഇയ്യോബിന്റെ പുസ്തകത്തിൽ നാം കാണുന്നത് സാത്താന് ഈ വേലിക്കെട്ടുകൾ ഭേദിച്ച് കടക്കുവാൻ ദൈവത്തിന്റെ അനുവാദം ചോദിക്കേണ്ടി വന്നു എന്നതാണ്, കാരണം അവൻ (ഇയ്യോബ്) ഒരു ദൈവിക മനുഷ്യൻ ആയിരുന്നു.

ലൂക്കോസിന്റെ സുവിശേഷം 22:31–ൽ പുത്രനായ ക്രിസ്തു പത്രോസിനോട് ഈ വസ്തുതയെപ്പറ്റി പറയുന്നത് നമുക്ക് വായിക്കാം. ''ശീമോനേ, ശീമോനേ, സാത്താൻ നിങ്ങളെ കോതമ്പുപോലെ പാറ്റേണ്ടതിന് കല്പന ചോദിച്ചു.''

ഇയ്യോബിന്റെ ജീവിതത്തിൽ, ഒരു സമയം ഒരു വേലിക്കെട്ട് മാത്രമേ ഭേദിക്കാൻ യഹോവയായ ദൈവം സാത്താനെ അനുവദിക്കുന്നതായി കാണുന്നുള്ളൂ. എല്ലാ വേലികളും ഒരുമിച്ച് ഭേദിക്കാൻ  അനുവദിക്കുന്നില്ല. ഈ ഭാഗങ്ങൾ വായിക്കുമ്പോൾ നമ്മുടെ ശത്രുവായ സാത്താനെക്കുറിച്ചുള്ള ചില വെളിപ്പെടുത്തലുകൾ നമുക്ക് മനസ്സിലാക്കാം.

ഒന്ന്: സാത്താന് ഒരു സമയത്ത് ഒരു സ്ഥലത്തേ ആയിരിക്കുവാൻ സാധിക്കൂ, എന്നാൽ ദൈവത്തിന് ഒരേ സമയം എല്ലായിടത്തും ആയിരിക്കാൻ സാധിക്കും. എന്നാൽ സാത്താൻ

തന്റെ കൂടെയുള്ള ഭൂതഗണങ്ങളെ ഭൂമിക്ക് ചുറ്റും തന്റെ പ്രവർത്തികൾ ചെയ്യാൻ ആക്കിവെച്ചിരിക്കുന്നു.

രണ്ട് : സാത്താന് ഭാവിയിൽ നടക്കാൻ പോകുന്നവയെക്കുറിച്ച് ഒരു ഊഹം മാത്രമേയുള്ളൂ. ഏതൊരു മനുഷ്യനെയും പോലെ അവന് ഭാവിയെക്കുറിച്ച് പൂർണ്ണമായ ഒരു ദർശനം ലഭിക്കുന്നില്ല. അങ്ങനെ ഉണ്ടായിരുന്നെങ്കിൽ ഇയ്യോബിന്റെ ജീവിതത്തിൽ ഈ ആക്രമണത്തിനുശേഷം ലഭിക്കാൻ പോകുന്ന വലിയ അനുഗ്രഹങ്ങളെ അവൻ കാണുകയും അതിൽനിന്ന് പിന്തിരിയുകയും ചെയ്തേനേ.

മൂന്നാമതായി, സാത്താന് നമ്മുടെ ഉള്ളങ്ങൾ കാണാൻ സാധിക്കുന്നില്ല. നാം പുറമേ ചെയ്യുന്നത് മാത്രമേ അവന് കാണാൻ സാധിക്കൂ. അവന് ഇയ്യോബിന്റെ ഹൃദയത്തിന്റെ അവസ്ഥയും അവൻ എങ്ങനെ ഈ ആക്രമണത്തെ തരണം ചെയ്യും എന്ന് കാണാൻ സാധിച്ചിരുന്നില്ല, അല്ലെങ്കിൽ അവന്റെ പരാജയം അവൻ മുന്നിൽ കണ്ടേനേ.

നാലാമതായി, ദൈവിക മനുഷ്യനെ ആക്രമിക്കുവാൻ സാത്താന് ദൈവീക അനുവാദം ഇല്ലാതെ സാധിക്കില്ല.

നമ്മുടെ ശത്രുവിനെക്കുറിച്ചുള്ള ഈ വെളിപ്പെടുത്തലുകൾ നമുക്ക് ഒത്തിരി ആശ്വാസം നല്കുന്നതാണ്. കാരണം ദൈവീകമനുഷ്യൻ പൂർണ്ണമായും ദൈവത്തിന്റെ സംരക്ഷണത്തിലാണ്, നിയന്ത്രണത്തിലാണ്. അതിനേക്കാളെല്ലാം ഉപരിയായി ക്രിസ്തു കുരിശിൽ അവനെ പരാജിതനാക്കിയിരിക്കുന്നു. ഈ വെളിപ്പെടുത്തലുകൾ സാത്താനെക്കുറിച്ചുള്ള എല്ലാ ഭയവും എന്നിൽനിന്ന് നീക്കുവാൻ സഹായിക്കുന്നതാണ്.

ഇയ്യോബ് ഈ ആക്രമണങ്ങളോട് എങ്ങനെ പ്രതികരിച്ചു എന്ന് നാം മനസ്സിലാക്കേണ്ടതാകുന്നു. എല്ലാം നഷ്ടപ്പെട്ടു എന്ന് അവൻ കേട്ടു... ഇയ്യോബ് 1: 20–ൽ നാം കാണുന്നു "അപ്പോൾ ഇയ്യോബ് എഴുന്നേറ്റു വസ്ത്രം കീറി തല ചിരെച്ചു സാഷ്ടാംഗം വീണു നമസ്ക്കരിച്ചു." ഒരു വലിയ സത്യം ഇത് പറയുന്നു; ഒരു ദൈവിക മനുഷ്യൻ സുഖത്തിലും ദുഃഖത്തിലും ഒരു ആരാധകനായിരിക്കണം. വേദപുസ്തക പഠനവും, ദൈവത്തെ സേവിക്കുന്നതും നമ്മെ നയിക്കേണ്ടത് ദൈവത്തെ ആരാധിക്കുന്നതിലേക്കാണ്. എല്ലാം ഉള്ളപ്പോഴും, ഒന്നുമില്ലാത്തപ്പോഴും ഈ ആരാധന തുടർന്നുകൊണ്ടേയിരിക്കണം... യോഹന്നാൻന്റെ സുവിശേഷം 4:24–ൽ നാം കാണുന്നു "ദൈവം ആത്മാവ് ആകുന്നു. അവനെ നമസ്ക്കരിക്കുന്നവൻ ആത്മാവിലും സത്യത്തിലും നമസ്ക്കരിക്കണം." 4: 23–ൽ – തന്നെ നമസ്ക്കരിക്കുന്നവർ മുകളിൽ പറഞ്ഞതുപോലെ ആയിരിക്കണം എന്ന് പിതാവ്

ഇച്ഛിക്കുന്നു. ദൈവത്തെ ആരാധിക്കുക എന്നാൽ അവന് എല്ലാം സമർപ്പിക്കുന്നു എന്നതാണ്.

ഇയ്യോബ് 1:21–ൽ ‘‘നഗ്നനായി ഞാൻ എന്റെ അമ്മയുടെ ഗർഭത്തിൽനിന്ന് പുറത്തുവന്നു, നഗ്നനായി തന്നെ മടങ്ങിപ്പോകും, യഹോവ തന്നു, യഹോവ എടുത്തു. യഹോവയുടെ നാമം വാഴ്ത്തപ്പെടുമാറാകട്ടെ.’’ അവൻ തന്റെ ജീവിതത്തിൽ ദൈവം അനുവദിച്ചതിനെ പൂർണ്ണഹൃദയത്തോടെ സ്വീകരിച്ചു.

ഇയ്യോബിന്റെ ദൈവത്തോടുള്ള ഈ സമർപ്പണം (dedication) നമ്മെ വിസ്മയിപ്പിക്കുന്നതാണ്, കാരണം തന്റെ ജീവിതകാലഘട്ടത്തിൽ അവനു നമുക്കിന്നുള്ളതുപോലെ മാതൃകയായി ക്രിസ്തുവോ, ശിഷ്യരോ ഉണ്ടായിരുന്നില്ല. ഇന്ന് നമുക്കുള്ളതുപോലെ പരിശുദ്ധാത്മാവാകുന്ന ദാനം പകർന്നു നല്കിയിരുന്നില്ല, വേദപുസ്തകം ഉണ്ടായിരുന്നില്ല. കൂട്ടു സഹോദരങ്ങളുടെ താങ്ങോ, ബലപ്പെടുത്തലോ ഉണ്ടായിരുന്നില്ല. അവന്റെ ഭാര്യപോലും താങ്ങിയില്ല. ഇയ്യോബിന് ദൈവം മാത്രമേ ഉണ്ടായിരുന്നുള്ളൂ... അത് തന്നെ മതിയായിരുന്നു. ഇയ്യോബിന് അപ്രകാരമുള്ള മഹത്വമേറിയ ഒരു ജീവിതം സാധിച്ചെങ്കിൽ, എന്തുകൊണ്ട് ഇന്നുള്ള എല്ലാ സൗകര്യങ്ങളാൽ എനിക്കും സാധിച്ചുകൂടാ?

പരാമർശം :

സങ്കീർത്തനങ്ങൾ 34:7

യഹോവയുടെ ദൂതൻ അവന്റെ ഭക്തന്മാരുടെ ചുറ്റും പാളയമിറങ്ങി അവരെ വിടുവിക്കുന്നു.

സിസ്റ്റർ ബിൻസി ജോബി ചങ്ങനാശ്ശേരി 007